**കേരള സർക്കാർ**

സംഗ്രഹം

കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ കീഴിലുള്ള 75 താലൂക്ക് ലൈബ്രറി കൗൺസിലിലെ സെക്രട്ടറിമാരുടെ പേരിൽ ഓഫീസുകൾക്ക് സമീപമുള്ള ട്രഷറികളിൽ ഓരോ പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

***ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്***

സ.ഉ. (സാധാ) നം. **2600/2018/ധന.** തിരുവനന്തപുരം, തീയതി **26.03.2018**

---

പരാമർശം - കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ സെക്രട്ടറിയുടെ 14.02.2018 ലെ ബി3/2202/14 നമ്പരായുള്ള കത്ത്.

**<u>ഉത്തരവ്</u>**

കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ലൈബ്രറികൾക്ക് അനുവദിക്കുന്ന പുസ്തക ഗ്രാന്റും ലൈബ്രേറിയൻ അലവൻസും ഉൾപ്പെടെയുള്ള തുകകൾ, താലൂക്ക് ലൈബ്രറി കൗൺസിലുകൾക്ക് ട്രഷറി അക്കൗണ്ടുകൾ നിലവിലില്ലാത്തതിനാൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ അക്കൗണ്ട് മുഖേനയാണ് നൽകുന്നതെന്നും ആകയാൽ കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ കീഴിലുള്ള 75 താലൂക്ക് ലൈബ്രറി കൗൺസിലിലെ സെക്രട്ടറിമാരുടെ പേരിൽ ഓഫീസുകൾക്ക് സമീപമുള്ള ജില്ലാ ട്രഷറികളിലോ സബ് ട്രഷറികളിലോ സ്പെഷ്യൽ TSB അക്കൗണ്ട് തുടങ്ങുന്നതിനുള്ള അനുവാദം നൽകണമെന്ന് കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ സെക്രട്ടറി പരാമർശത്തിലെ കത്തിലൂടെ അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽ സൂചിപ്പിച്ച ആവശ്യത്തിനായി, കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ കീഴിലുള്ള 75 താലൂക്ക് ലൈബ്രറി കൗൺസിലിലെ സെക്രട്ടറിമാരുടെ പേരിൽ ഓഫീസുകൾക്ക് സമീപമുള്ള ട്രഷറികളിൽ ഓരോ പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**സുരേഷ് കുമാർ ഒ.ബി.**
അണ്ടർ സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ജി & എസ്.എസ്. എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്. എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ, വഴുതക്കാട്, തിരുവനന്തപുരം - 14
ഉന്നത വിദ്യാഭ്യാസ (A) വകുപ്പ് ( e file No: HEDN-A2/40/2018-HEDN പ്രകാരം )
ധനകാര്യ (EDN-B) വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ